# മാതൃവേദി കലോത്സവം 2024  നിബന്ധനകൾ

* മത്സരാർത്ഥികളെ വി.ഏലിശ്വാ ഗ്രൂപ്പ് (60 വയസ്സിന് മുകളിൽ) വി. മോനിക്കാ ഗ്രൂപ്പ് (45 വയസ്സിന് മുകളിൽ) വി. ജിയന്ന ഗ്രൂപ്പ് (45 വയസ്സിന് താഴെ) എന്നിങ്ങനെ തിരിച്ചിരിക്കുന്നു. 1964 ജനുവരി 1 ന് മുമ്പ് ജനിച്ചവർ വി.ഏലിശ്വാ വിഭാഗത്തിലും, 1979 ജനുവരി 1 ന് മുമ്പ് ജനിച്ചവർ വി മോനിക്കാ വിഭാഗത്തിലും, 1979 ജനുവരി 1 മുതൽ ജനിച്ചവർ വി ജിയന്ന വിഭാഗത്തിലും ഉൾപ്പെടുന്നു.

* കലോത്സവത്തിന്റെ സ്റ്റേജ് ഇനങ്ങളിൽ (സംഗീതം, സമൂഹഗാനം, പ്രസംഗം, മാർഗ്ഗംകളി, ബൈബിൾ പാരായണം) എന്നിവയാണുള്ളത്. ഒരാൾക്ക് പങ്കെടുക്കാവുന്ന ഇനങ്ങളുടെ എണ്ണം (ഗ്രൂപ്പ് ഇനങ്ങൾ ഉൾപ്പെടെ) രണ്ടായി നിജപ്പെടുത്തിയിരിക്കുന്നു .

*രൂപതാ ഭരണ സമിതി അംഗങ്ങൾ മത്സരങ്ങളിൽ പങ്കെടുക്കുന്നില്ല.

* ഫൊറോനാ, യൂണിറ്റ് ഭാരവാഹികളുടെ മത്സരത്തിലെ പങ്കാളിത്തത്തെക്കുറിച്ച് അതാത് തലങ്ങളിൽ തീരുമാനിക്കാവുന്നതാണ്.

* ഫൊറോനാകളിൽ നിന്ന് ഔദ്യോഗികമായി നൽകുന്ന രജിസ്ട്രേഷൻ ഫോമുകളിൽ പേരുള്ളവർക്ക് മാത്രമായിരിക്കും മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കുന്നത് .

*ഓഗസ്റ്റ് മാസത്തിൽ യൂണിറ്റ് തലത്തിലും സെപ്റ്റംബർ 15ന് മുമ്പായി ഫൊറോന തലത്തിലും മാതൃവേദി കലോത്സവം നടത്തി സെപ്റ്റംബർ 15 ന് മത്സരാർത്ഥികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ഏല്പ്പിക്കേണ്ടതാണ്.

*ഒക്ടോബർ മാസം 12ന് കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് രൂപതാ കലോത്സവം നടത്തപ്പെടുന്നു.

* രജിസ്ട്രേഷൻ ഫോമിനോടൊപ്പം മുഴുവൻ ഫീസും അടച്ചവരുടെ രജിസ്ട്രേഷൻ മാത്രമേ ഔദ്യോഗികമായി പരിഗണിക്കുകയുള്ളൂ

* ലിസ്റ്റിൽ പിന്നീട് മാറ്റം അനുവദിക്കുന്നതല്ല താമസിച്ച് കിട്ടുന്ന ലിസ്റ്റുകൾ പരിഗണിക്കുന്നതല്ല .

* ലിസ്റ്റിനോടൊപ്പം രജിസ്ട്രേഷൻ ഫീസ് മുഴുവനും നൽകേണ്ടതാണ് .

**രജിസ്ട്രേഷൻ ഫീസ്** : സിംഗിൾ ഇനങ്ങൾക്ക് 100 രൂപയും ഗ്രൂപ്പ് ഇനങ്ങൾക്ക് 300 രൂപ (ഗ്രൂപ്പിലെ ആളുകളുടെ എണ്ണം പരിഗണിക്കുന്നതല്ല.)

## മത്സര ഇനങ്ങളും നിബന്ധനകളും

**1.സംഗീതം (വി.ഏലിശ്വാ ഗ്രൂപ്പ്/വി.മോനിക്കാ ഗ്രൂപ്പ്/ വി.ജിയന്ന ഗ്രൂപ്പ്)** – സമയം 5 മിനിറ്റ്.

ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം. ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമല്ല. ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല.

**2. സമൂഹഗാനം (പൊതുവിൽ)** – സമയം 7 മിനിറ്റ്.

ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം. ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമല്ല. ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. ഒരു ഗ്രൂപ്പിൽ 5 പേരിൽ കുറയാനോ, 7 പേരിൽ കൂടാനോ പാടില്ല.

**3. പ്രസംഗം (വി.ഏലിശ്വാ ഗ്രൂപ്പ്/ വി. മോനിക്കാ ഗ്രൂപ്പ് / വി. ജിയന്നാ ഗ്രൂപ്പ്)** സമയം 5 മിനിറ്റ്

വിഷയം: **" കുടുംബവിശുദ്ധീകരണം വചനത്തിലൂടെയും, കൂദാശകളിലൂടെയും"**

**4.മാർഗ്ഗംകളി (പൊതുവിൽ)**

സമയം 10 മിനിട്ട്. 7 പേർ. സ്ത്രീകൾക്ക് മാത്രമായിരിക്കണം. നിലവിളക്ക് ഉണ്ടായിരിക്കണം. (സംഘാടകർ നൽകുന്നതായിരിക്കും) തനതായ വേഷമായിരിക്കണം. നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് ഇലത്താളം ഉപയോഗിക്കുന്നാവുന്നതാണ്. മറ്റ് സംഗീത ഉപകരണങ്ങളോ പിന്നണിയോ പാടില്ല.

**മാർക്ക് വിഭജനം**

വേഷത്തിന്റെ അനുയോജ്യത 20%

ഭക്തിഭാവം 20%

താളം 20%

ചുവട് 20%

സംഗീതം 20%

**മാർഗ്ഗംകളി - വിലയിരുത്തുന്ന ഘടകങ്ങൾ**

1. ഒരാൾ പാടുകയും 6 പേർ കളിക്കുകയും ചെയ്യണം.

2. പരമാവധി സമയം 10 മിനിട്ട്

3. മുടി മായിക്കെട്ട് കെട്ടണം

4. ചട്ട, മുണ്ട്, കവണി എന്നിവ ആവശ്യമാണ്

5.മുണ്ടിൽ ഞൊറികൾ ഉണ്ടായിരിക്കണം

6. കൈകളിൽ വീതിയുള്ള കാപ്പ്വള

7. കുണുക്ക്, വെള്ളക്കമ്മൽ, കാശ്മാല, കാൽത്തള എന്നിവ

8. കളിക്കുമ്പോൾ ആഭരണങ്ങൾ അഴിയാൻ പാടില്ല.

9.കൈകുത്താൻ പാടില്ല.

10. വന്ദന പാദവും പതിനാലാം പാദവും നിർബന്ധമായും ഉണ്ടായിരിക്കണം.

**5. ബൈബിൾ പാരായണം (വി.ഏലിശ്വാ ഗ്രൂപ്പിനു മാത്രം)**

**വിലയിരുത്തൽ രീതികളും മാനദണ്ഡങ്ങളും**

*മത്സരാർത്ഥികളുടെ എണ്ണമനുസരിച്ച് വ്യത്യസ്ത ദൈവവചനഭാഗങ്ങൾ രേഖപ്പെടുത്തിയ കുറികൾ തയ്യാറാക്കിവയ്ക്കുന്നു.

*മത്സരാർത്ഥി ഒരു നറുക്ക് തിരഞ്ഞെടുത്ത് അതിൽ എഴുതിയിരിക്കുന്ന ദൈവവചനഭാഗം ഏത് എന്ന് പറയുന്നു. ഉദാ:വി.മത്തായി അറിയിച്ച സുവിശേഷം 5-ാം അധ്യായം 1 മുതൽ 10 വരെ വാക്യങ്ങൾ, ഉല്പത്തി, പുസ്തകം 1-ാം അധ്യായം 1 മുതൽ 15 വരെ വാക്യങ്ങൾ etc.

*തുടർന്ന് പ്രസ്തുത വചനഭാഗം വായിക്കുന്നു.

*കുറിയെടുത്ത് ഒരു മിനിറ്റുനുള്ളിൽ നിർദിഷ്ട വചനഭാഗം കണ്ടെത്താനായില്ലെങ്കിൽ മത്സരാർത്ഥിയുടെ അവസരം നഷ്ടപ്പെടുന്നതാണ്.

*നൽകിയിരിക്കുന്ന വചന ഭാഗം മുഴുവൻ വായിക്കണം.

*ഉച്ചാരണശുദ്ധി, വായനശൈലി, വിശുദ്ധഗ്രന്ഥത്തോടുള്ള ആദരവ്, (ശിരോവസ്ത്രം ഉപയോഗിക്കുന്നത് ഉൾപ്പെടെ) വിശുദ്ധ ഗ്രന്ഥ പരിചയം, ആശയം വ്യക്തമാക്കുന്ന വായന, ഒഴുക്ക്, സ്ഫുടത തുടങ്ങിയവയെല്ലാം മാനദണ്ഡങ്ങൾ ആയിരിക്കും.

*പി.ഒ.സി സമ്പൂർണ്ണ ബൈബബിൾ ആയിരിക്കും മത്സരത്തിന് ഉപയോഗിക്കുന്നത്

**6. മാതൃവേദി ക്വിസ് (പൊതുവിൽ)**

മാതൃവേദി ക്വിസ് നവംബർ 2-ാം തീയതി പൊടിമറ്റം നിർമ്മല റിന്യൂവൽ സെൻ്ററിൽ വച്ച് നടത്തുന്നു. ഓരോ ഫൊറോനായിൽ നിന്നും ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടിയ ടീമുകൾക്ക് രൂപതാമത്സരത്തിൽ പങ്കെടുക്കാം. ഒരു ടീമിൽ മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കണം.

**പഠനഭാഗങ്ങൾ**

*സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം (ഖണ്ഡിക 58 മുതൽ 276 വരെ)

*ലോഗോസ് ക്വിസ് - 2024 ലെ ഭാഗങ്ങൾ
ന്യായാധിപന്മാർ 1 - 10 അധ്യായങ്ങൾ, പ്രഭാഷകൻ 34 - 40 അധ്യായങ്ങൾ,
വി.ലൂക്കാ 9 - 16 അധ്യായങ്ങൾ, 2 കൊറിന്തോസ് 7 - 13 അധ്യായങ്ങൾ.

**7. പ്രബന്ധരചന ( പൊതുവിൽ )**

വിഷയം: **"കുടുംബവിശുദ്ധീകരണം വചനത്തിലൂടെയും, കൂദാശകളിലൂടെയും"**

പ്രബന്ധം നേരിട്ടോ തപാലിലോ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 2024 ഒക്ടോബർ 30 ആണ്. പ്രബന്ധത്തിൻ്റെ ഉള്ളടക്കവും (ആമുഖം മുതൽ ഉപസംഹാരം വരെ) 15 പേജിൽ കവിയരുത്. (ഡി.റ്റി.പി ആണെങ്കിൽ 10 പേജ്) A4 പേപ്പറിൽ ആണ് പ്രബന്ധം എഴുതേണ്ടത്. ഒരു പേജിൽ പരമാവധി 20 വരികൾ വരെയേ പാടുള്ളൂ. പേര്, അഡ്രസ്സ്, ഇടവക, ഫോൺ നമ്പർ എന്നിവ വേറൊരു പേപ്പറിൽ എഴുതി പിൻ ചെയ്തിരിക്കണം. ഈ പേപ്പറിൽ ബഹു. യൂണിറ്റ് ഡയറക്ടറിൻ്റെയും ഇടവകയുടെ സീലും ഉണ്ടായിരിക്കണം. പ്രബന്ധത്തിനൊടൊപ്പം പേരോ അഡ്രസ്സോ എഴുതിയ ആളിനെ തിരിച്ചറിയാൻ പറ്റുന്ന സൂചനകളോ ഉണ്ടെങ്കിൽ അത് അയോഗ്യതയായി കണക്കാക്കുന്നതാണ്. പ്രബന്ധത്തിൻ്റെ വിഷയത്തോടൊപ്പം ശാസ്ത്രീയവും ക്രമീകൃതവുമായ അവതരണം (വിഷയ വിഭജനം, ഉള്ളടക്കം, അധ്യായം, നമ്പർ, ഉപനമ്പർ, ഫുട്ട്നോട്ട്, ഗ്രന്ഥസൂചി) അവതരണം (കൈയ്യക്ഷരം, ലേഔട്ട്, ഭംഗി, വൃത്തി) തുടങ്ങിയവയും പരിഗണിക്കുന്നതാണ്.